# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 17-04-2012

## മൂല്യനിർണയ ക്യാമ്പ് ബഹിഷ്ക്കരിക്കുന്നത് കുട്ടികൾക്കെതിരെയുള്ള സമരം

**കെ.എസ്.ടി.എ**

ഒരു വിഭാഗം അധ്യാപകർ ഹയർസെക്കന്ററി മൂല്യനിർണയക്യാമ്പ് ബഹിഷ്ക്കരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസ് വച്ച് വിലപേശുന്ന സമരത്തെ അധ്യാപകർ തള്ളിക്കളയണമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി അഭ്യർത്ഥിച്ചു. ഇത്തരം തെറ്റായ സമരരീതികളെ സാമൂഹ്യബോധമുള്ള അധ്യാപക സംഘടനകൾക്ക് അംഗീകരിക്കാൻ കഴിയില്ല. മൂല്യനിർണയത്തിനുള്ള പ്രതിഫലം വർദ്ധിപ്പിക്കേണ്ടത് ന്യായമായ ആവശ്യമാണ്. ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സംവിധാനത്തെ ദുർബലപ്പെടുത്തുന്ന നടപടികളാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന നടപടികൾക്കെതിരെ അധ്യാപകർ പ്രക്ഷോഭരംഗത്താണ് ഏപ്രിൽ 19 ന് സെക്രട്ടറിയേറ്റ് നടയിലും ജില്ലാകേന്ദ്രങ്ങളിലും ആയിരക്കണക്കിന് അധ്യാപകർ പങ്കെടുക്കുന്ന ധർണ്ണ നടക്കുന്നുണ്ട്. മൂല്യനിർണയ ക്യാമ്പുകൾ ബഹിഷ്ക്കരിച്ചുള്ള സമരങ്ങൾ കോൺഗ്രസ് അനുകൂല കാറ്റഗറി സംഘടനകളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. മന്ത്രിയോടുള്ള അതൃപ്തി പ്രകടിപ്പിക്കാൻ കുട്ടികളുടെ ഉത്തരക്കടലാസ് ആയുധമാക്കുന്നത് അത്യന്തം ഹീനമായ നടപടിയാണ്. അധ്യാപകരുടെ സാമൂഹ്യബോധത്തെ താഴ്ത്തിക്കാണിക്കുന്ന ബഹിഷ്ക്കരണ സമരത്തെ തള്ളിക്കളയണമെന്ന് കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം. ഷാഹാൻ അഭ്യർത്ഥിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി